കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
www.lfa.kerala.gov.in

# വടക്കേക്കര ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2018-19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് ഓഫീസ്
എറണാകുളം
e-mail:doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.ഇ.കെ.എം(പി.12)248/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്-682030
ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in

തീയതി :18.03.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വടക്കേക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം :- വടക്കേക്കര ഗ്രാമപഞ്ചായത്ത് – 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ്</u> :-

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഇ.കെ.എം(പി.12)248/2020 തീയതി : 18.03.2020

## എറണാകുളം ജില്ലയിലെ വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2018 മുതൽ 31.12.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.വിനോദ്.കെ.കെ., ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റ് നടത്തിയ തീയതി | 11/02/2020 മുതൽ 19/02/2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.മിനു.പി.കെ., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | ശ്രീ.വിനീത്.ആർ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സി.ഡി.ശ്രീജിത്ത്, സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.കെ.എം. അംബ്രോസ് | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ.ഷിബു എം.കെ | 01.04.2018മുതൽ 31.03.2019 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി. ജസീന്ത കെ പി | 01.04.2018മുതൽ 31.03.2019വരെ |
| വി.ഇ.ഒ, മൂത്തകുന്നം സർക്കിൾ | ശ്രീ.വിജയകുമാർ.പി.പി | 01.04.2018മുതൽ 31.03.2019വരെ |
| വി.ഇ.ഒ, വടക്കേക്കര സർക്കിൾ | ശ്രീമതി.രമാദേവി | 01.04.2018മുതൽ 10.09.2018വരെ |
| | ശ്രീമതി.ആഷിഫ | 11.09.2018മുതൽ 31.03.2019വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ദിവ്യ.കെ.എം | 01.04.2018മുതൽ 31.03.2019വരെ |
| ഐ.സി. ഡി.എസ്. സൂപ്പർ വൈസർ | ശ്രീമതി.ഫിലോമിന ടീന | 01.04.2018മുതൽ 31.03.2019വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.ലാലി കെ ജി | 01.04.2018മുതൽ 31.03.2019വരെ |
| വെറ്ററിനറി സർജൻ | ഡോ.ജ്ഞ്യനി ചാണ്ടി | 01.04.2018മുതൽ 31.03.2019വരെ |
| സീനിയർ മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.തോമസ് ജിബിൻ ഐ എസ് | 01.04.2018മുതൽ 31.03.2019വരെ |
| മെഡിക്കൽ ഓഫീസർ (CHC) | ഡോ.ശോഭ | 01.04.2018മുതൽ 31.03.2019വരെ |
| ചീഫ് മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.അനിൽ കുമാർ | 01.04.2018മുതൽ 31.03.2019വരെ |
| ഫിഷറീസ് ഇൻസ്പെക്ടർ | ശ്രീമതി.ലീന തോമസ് | 01.04.2018മുതൽ 31.03.2019വരെ |
| ഹെഡ്മിസ്ട്രസ്സ് | ശ്രീമതി.ഷീലിയ എ സലാം | 01.04.2018മുതൽ 31.03.2019വരെ |
| ക്ഷീരവികസന ഓഫീസർ | ഷൈജ എം കുമാർ | 01.04.2018മുതൽ 31.03.2019വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരങ്ങൾ | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ക്ഷേമപദ്ധതികൾ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | ഓഡിറ്റ് ഇംപാക്ട് | 1-12 |
| 13 | ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ വരവ് നഷ്ടം | 1-13 |
| 14 | വിവിധ ഫണ്ടുകളുടെ ചെലവിലെ അപാകതകൾ സംബന്ധിച്ച് | 1-14 |
| 15 | വിവിധ പദ്ധതികളുടെ നിർവഹണത്തിൽ കണ്ടെത്തിയ മറ്റ് അപാകതകൾ | 1-15 |
| 16 | മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി - അവലോകനം | 1-16 |
| 17 | നിർവ്വഹണോദ്യോഗസ്ഥർക്ക് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയില്ല | 1-17 |
| 18 | അങ്കണവാടികളിലെ ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തതകൾ | 1-18 |
| 19 | ജാഗ്രതാ സമിതി - പ്രവർത്തനം കാര്യക്ഷമമല്ല | 1-19 |
| | ഭാഗം - 2 | |
| | ഇല്ല | |
| | ഭാഗം - 3 | |
| | ഇല്ല | |
| | ഭാഗം - 4 | |
| 20 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 21 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |

| | | |
|---|---|---|
| 22 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 23 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 24 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 25 | ഓഡിറ്റ് റിക്കവറി | 4-6 |
| 26 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 27 | ചാർജ് സർച്ചാർജ് നടപടികളുടെ വിവരം | 4-8 |
| 28 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 29 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 30 | ഓഡിറ്റ് സർട്ടിഫിക്കറ്റ് – 2018-19 | അനുബന്ധം1 |
| 31 | ബാലൻസ് ഷീറ്റ് – 2018-19 | അനുബന്ധം2 |
| 32 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് – 2018-19 | |
| 33 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് – 2018-19 | |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 24.03.2018 ലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യ പത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.7.2019 | 27.05.2019 |

.

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം

# നൽകിയതിന്റെ വിവരങ്ങൾ

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 12.06.2019-13.06.2019 | കെ.എസ്.എ.ഇ.കെ.എം.(പി.ജി) 1227(38)/2019/ 21.08.2019 |

# 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് ആൻഡ് പെയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,89,85,276.00 |
| വരവ് | 12,73,94,591.00 |
| ആകെ | 14,63,79,867.00 |
| ചെലവ് | 10,84,05,991.00 |
| നീക്കിയിരിപ്പ് | 3,79,73,876.00 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 2,04,60,864 | 2,04,60,864 | 2,04,60,864 | 0 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 37,61,000 | 37,61,000 | 37,61,000 | 0 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 2,62,000 | 2,62,000 | 2,62,000 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 53,27,000 | 53,27,000 | 45,99,550 | 0 | 7,27,450 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 42,70,000 | 42,70,000 | 34,13,205 | 0 | 8,56,795 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 95,35,000 | 95,35,000 | 95,35,000 | 0 | 0 |
| സാക്ഷരത | 7,611 | 86,141 | 93,752 | 85,871 | 7,881 | 0 |
| ദുരിതാശ്വാസനിധി | 9701 | 0 | 9701 | 0 | 9701 | 0 |
| ഖരമാലിന്യ നിർമ്മാർജ്ജന ഫണ്ട്. | 0 | 10,00,000 | 10,00,000 | 0 | 10,00,000 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| എം.ജി. എൻ. ആർ.ഇ. ജി.എസ് | തൊഴിലാളികളുടെ കൂലി, മെറ്റീരിയൽ ചെലവ്. | 0 | 2,76,87,000 | 2,76,87,000 | 2,76,87,000 | 0 | 0 |
| എം.ജി. എൻ. ആർ.ഇ. ജി.എസ് | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 4,401 | 10,09,748 | 10,14,149 | 9,76,242 | 37,907 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ടിഎസ് സി) | | 1,698 | 76 | 1,774 | 0 | 1,774 | 0 |
| എസ്.എസ്.എ | | 3,51,200 | 0 | 3,51,200 | 0 | 3,51,200 | |
| ഐ.സി.ഡി.എസ് | | 11,67,838 | 7,13,425 | 18,81,263 | 13,46,935 | 5,34,328 | |
| ടിഎസ് സി പെർഫോർമൻസ് ഗ്രാന്റ് | | 0 | 5,58,500 | 5,58,500 | 5,24,304 | 34,196 | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 98,005 | 18,96,875 | 19,94,880 | 16,23,977 | 3,70,903 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ജില്ലാ പഞ്ചായത്ത് | 10,53,000 | 1,21,02,680 | 1,31,55,680 | 92,83,353 | 38,72,327 | 0 |
| ബഡ്സ് ബിൽഡിംഗ് ഗ്രാന്റ് | | 0 | 12,50,000 | 12,50,000 | 0 | 12,50,000 | |
| ശുചിത്വ മിഷൻ | | 20,68,465 | 2,00,000 | 22,68,465 | 2,00,000 | 20,68,465 | |
| ഫ്ളഡ് റീലീഫ് ഗ്രാന്റ് | | 0 | 5,00,000 | 5,00,000 | 0 | 5,00,000 | |
| എൻ.ആർ. ഇ.ജി.എസ്, സ്പെഷ്യൽ അവാർഡ് | | 1,00,000 | 0 | 1,00,000 | 0 | 1,00,000 | |
| ആശ്രയ | | 1,77,523 | 11,620 | 1,89,143 | 1,66,667 | 22,476 | |
| വിമുക്തി | | 33,800 | 25,000 | 58,800 | 1,200 | 57,600 | |
| ഗുണഭോക്തൃ വിഹിതം | | 14,000 | 7,48,247 | 7,62,247 | 7,62,247 | 0 | |
| നിർമ്മൽ പുരസ്കാർ | | 3,82,620 | 0 | 3,82,620 | 0 | 3,82,620 | |
| ബി ഫണ്ട് | | | 6,71,600 | 6,71,600 | 6,71,600 | 0 | 0 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 202 | 12,94,74,105 | 119 | 8,46,75,315 | 45 | 38 | 58.91% |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല.

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 4,401 | 10,09,748 | 10,14,149 | 9,76,242 | 37,907 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 2,76,87,000 | 2,76,87,000 | 2,76,87,000 | |

# 1-8 ക്യാഷ് വെരിഫിക്കേഷൻ

1994ലെ ലോക്കൽഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.02.2020ന് അക്കൗണ്ടന്റിന്റെ സാനിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 20869/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

# 1-9 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1,20,600 | 70 |
| കർഷകതൊഴിലാളി പെൻഷൻ | 8,41,000 | 70 |
| വിധവാപെൻഷൻ | 1,79,62,500 | 1,507 |
| [illegible] | [illegible] | [illegible] |

| | | |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 3,51,52,400 | 3,114 |
| ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 45,72,200 | 346 |
| അവിവാഹിതരായ 50വയസ്സിന് മേൽ പ്രായമുള്ള സ്ത്രീകൾക്ക് പെൻഷൻ | 27,95,700 | 220 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 1,20,000 | 4 |

# 1-10 ആഭ്യന്തര നിയന്ത്രണം

മിനിറ്റ്സ്ബുക്കുകളുടെ പരിപാലനം

പഞ്ചായത്തിന്റെ ജനറൽ കമ്മിറ്റിയുടെ മിനിറ്റ്സ്ബുക്കുകൾ കൃത്യമായി പരിപാലിക്കുന്നുണ്ട്. യോഗതീരുമാനങ്ങളും ചർച്ചകളുടെ വിവരങ്ങളും വ്യക്തമായി രേഖപ്പെടുത്തി, ക്ലോസ്സ് ചെയ്തിട്ടുണ്ട്. സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ മിനിറ്റ്സുകളും ഭംഗിയായി കൈകാര്യം ചെയ്തിട്ടുണ്ട്.

വർക്കിംഗ് ഗ്രൂപ്പ്

പഞ്ചായത്തിൽ 12 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. പക്ഷെ പല വർക്കിംഗ് ഗ്രൂപ്പുകളും നാമമാത്ര യോഗങ്ങൾ മാത്രമാണ് ചേർന്നിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ മിനിറ്റ്സുകൾ പരിശോധിച്ചതിൽ, പദ്ധതി നിർദ്ദേശങ്ങൾ രേഖപ്പെടുത്തുന്നുണ്ടെങ്കിലും, പദ്ധതി മോണിറ്ററിംഗ് സംബന്ധമായ ചർച്ചകൾ നടക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗങ്ങളിൽ നാമമാത്ര പ്രാതിനിധ്യം മാത്രമാണുള്ളത്. പട്ടികജാതി/പട്ടികവർഗ്ഗം എന്ന വർക്കിംഗ് ഗ്രൂപ്പ് 2018-19 വർഷത്തിൽ വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് യോഗം ചേർന്നിട്ടില്ല. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് 09.03.2018 ന് യോഗം ചേർന്നതിന് ശേഷം പിന്നീട് 2019-20 വാർഷിക പദ്ധതി നിർദ്ദേശങ്ങൾക്കായി മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്.

വർക്കിംഗ് ഗ്രൂപ്പിന്റേത് എന്ന പേരിൽ നിർദ്ദേശങ്ങൾ സമർപ്പിക്കുമ്പോൾ യോഗത്തിൽ ഗ്രൂപ്പ് അംഗങ്ങളുടെ പ്രാതിനിധ്യം ഉറപ്പുവരുത്താൻ ശ്രദ്ധിക്കേണ്ടതും,യോഗ മിനിറ്റ്സുകൾ അപാകതകൾ പരിഹരിച്ച് കൃത്യമായി പരിപാലിക്കേണ്ടതുമാണ്. ഓരോ വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളും കൃത്യമായി യോഗത്തിൽ ഹാജരാകുന്നതിനും ക്രിയാത്മക നിർദ്ദേശങ്ങളും അഭിപ്രായങ്ങളും

ഉന്നയിച്ച് പദ്ധതി നിർവ്വഹണം കൂടുതൽ മികവിലേക്കെത്തിക്കുന്നതിനും ശ്രദ്ധിക്കുന്നത് ഉചിതമായിരിക്കും.

ഗ്രാമസഭ

പഞ്ചായത്തിന്റെ 20 വാർഡുകളിലും 18-19 വർഷം 4 വീതം ഗ്രാമസഭകൾ ചേർന്നിട്ടുണ്ട്. ഗ്രാമസഭകളെല്ലാം തന്നെ ക്വാറം തികഞ്ഞ് തന്നെയാണ് കൂടിയിട്ടുള്ളത്. ഗ്രാമസഭ മിനിറ്റ്സുകൾ മികച്ച രീതിയിൽ കൃത്യമായി പരിപാലിച്ചിട്ടുണ്ട്.

പഞ്ചായത്തിലെ നിർവ്വഹണോദ്യോഗസ്ഥർ എല്ലാവരും തന്നെ പ്രോജക്ടുമായി ബന്ധപ്പെട്ട രേഖകൾ വൃത്തിയായും കൃത്യതയോടെയും സൂക്ഷിച്ചിട്ടുണ്ട്. കൃത്യമായ രേഖപ്പെടുത്തലുകൾ നടത്തി രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിന് ഉദ്യോഗസ്ഥർ ജാഗ്രത പുലർത്തുകയും അവ സമയബന്ധിതമായി ഓഡിറ്റിന് എത്തിക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിൽ വിവിധ സേവനങ്ങൾ ആവശ്യപ്പെട്ട് എത്തുന്ന പൊതുജനങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങളോടെയുള്ള ഫ്രണ്ട് ഓഫീസ് സംവിധാനം ഒരുക്കിയിട്ടുണ്ട്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27/01/2020 | 12/2019 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22/06/2016 - 12/7/2016 | 2011-12 to 2015-16 | 27/08/2016 |

# 1-12 ഓഡിറ്റ് ഇംപാക്ട്

രസീത് വരവിലെ ഒടുക്കിലെ കുറവ്, 173/- രൂപ ചൂണ്ടിക്കാട്ടിയതിൻ പ്രകാരം ഒടുക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

.

| ക്രമ നം. | തുക | രസീത് നം |
|---|---|---|
| 1 | 3 | 119170105054/17.02.2020 |
| 2 | 10 | 119170105055/17.02.2020 |
| 3 | 9 | 119170105058/17.02.2020 |
| [illegible] | [illegible] | [illegible] |

| | | |
|---|---|---|
| 4 | 150 | 119170105059/17.02.2020 |
| 5 | 1 | 119170105060/17.02.2020 |

# 1-13 ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ വരവ് നഷ്ടം

പഞ്ചായത്തിൽ 66 സ്ഥാപനങ്ങളിൽ നിന്നാണ് ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നത്. ഇവ വിവിധ സർക്കാർ കാര്യാലയങ്ങൾ, ബാങ്കുകൾ അടക്കമുള്ള ധനകാര്യ സ്ഥാപനങ്ങൾ, മരണ സഹായ സംഘങ്ങൾ എന്ന ഗണത്തിൽ പെടുന്നവയാണ്. പഞ്ചായത്ത് 566 സ്ഥാപനങ്ങൾക്ക് ലൈസൻസ് ഫീ ഈടാക്കി ലൈസൻസ് നൽകിയിട്ടുണ്ട്. ഇതിൽ വലിയ മുതൽമുടക്കുള്ള, ധാരാളം ജീവനക്കാർ ജോലിയെടുക്കുന്ന (പൂർണ്ണമായും യന്ത്രവത്കൃതം അല്ലെങ്കിൽ) സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇത്തരം സ്ഥാപനങ്ങളിൽ നിന്ന് ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാത്തതിനാൽ പഞ്ചായത്തിൽ ഈ ഇനത്തിൽ വരുമാന നഷ്ടം ഉണ്ടാകുന്നുണ്ട്. അർദ്ധവർഷം 12,000/- രൂപയിൽ കൂടുതൽ (പ്രതിമാസം 2,000/- രൂപ) വരുമാനമുള്ള, അർദ്ധവർഷം 60 ദിവസത്തിൽ കൂടുതൽ തൊഴിലെടുക്കുന്ന എല്ലാ ജീവനക്കാരും, തൊഴിലാളികളും തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരാണ്. എല്ലാ മേഖലയിലെയും മിനിമം വേതനം മേൽ തുകയിൽ കൂടുതലാണെന്നതിനാൽ എല്ലാ ജീവനക്കാരും, തൊഴിലാളികളും തൊഴിൽ നികുതി പരിധിയിൽ വരും. ഇത്തരത്തിൽ അനവധി തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതിയായ 2,500/- രൂപയും 2,000/- രൂപയോ അതിൽ കൂടുതലോ ലൈസൻസ് ഫീ ഒടുക്കിയിട്ടുള്ളതുമായ സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | സ്ഥാപന ഉടമയുടെ പേര് | സ്ഥാപനം പ്രവർത്തിക്കുന്ന മേഖല |
|---|---|---|---|
| 1 | 20/186A | അജിത പ്രകാശൻ | മറൈൻ സാമഗ്രികളുടെ വിൽപ്പന, റിപ്പയറിംഗ്, നിർമ്മാണം |
| 2 | 1/341A | ശൂലപാണി.സി.എസ് | ഐസ് ഫാക്ടറി |
| 3 | 1/287,288 | ഐ.സി.ജോർജ്ജ് ലൂയിസ് | ഡീസൽ പമ്പ് |
| 4 | 20/219A | ഷൈല ഗോപിനാഥ് | ഹോട്ടൽ |
| 5 | 6/429A | വി.ബി.സുനിൽ കുമാർ | കമ്പി, സിമന്റ്, ഹാർഡ്വെയർ വിൽപ്പന |
| 6 | 9/533 | ഡോ.എം.എം.സഗീർ | ഫാർമസി |
| 7 | 18/74 | ജഗദീഷ് ചന്ദ്ര | ബോട്ട് യാർഡ് |

| | | | |
|---|---|---|---|
| | | ബോസ് | |
| 8 | 18/73 | നസീർ.പി.എ | ഐസ് പ്ലാന്റ് |
| 9 | 2/471 | പി.കെ.ശിവദാസൻ | ഐസ് പ്ലാന്റ് |
| 10 | 18/110 | ഫിലോമിന റോച്ച | ബോട്ട് യാർഡ് |
| 11 | 20/321A | പി.കെ.ഹരിദാസ് | ഐസ് പ്ലാന്റ് |
| 12 | 1/74 | സാംസൺ എന്ന ശിവൻ | ബോട്ട് യാർഡ് |
| 13 | 1/144 | ബിനോയ് കെ അരവിന്ദ് | ബോട്ട് യാർഡ് |
| 14 | 18/492 | ഫ്രഡി ഫിലിപ്പ് | ബോട്ട് യാർഡ് |
| 15 | 18/112l | വർഗീസ് ആന്റണി | ബോട്ട് യാർഡ് |
| 16 | 1/221 | ജോഷി എം.പി | ഡീസൽ പമ്പ് |
| 17 | 1/221A | ജോഷി.എം.പി | ഐസ് പ്ലാന്റ് |
| 18 | 18/106 | അനീഷ്.കെ.എ | ബോട്ട് യാർഡ് |
| 19 | 18/517 | ഷാഹിന.ടി.എ | ഡീസൽ പമ്പ് |
| 20 | 18/516 | മുഹമ്മദ് ഷാജി | ഐസ് പ്ലാന്റ് |
| 21 | 6/563 | പി.ജെ.ക്ലീറ്റസ് | സിമന്റ്, ഇഷ്ടിക നിർമ്മാണം |
| 22 | 12/470 | സുലഭ എം.ജി | തടിമിൽ |
| 23 | 12/540, 540A | റോബിൻ .കെ.ജെ | മാർബിൾ, ഗ്രാനൈറ്റ് വിൽപ്പന |
| 24 | 9/434 | രമേഷ് കുമാർ | മാർബിൾ, ഗ്രാനൈറ്റ് വിൽപ്പന |
| 25 | 9/74B | ജോപോൾ.എം.സി | പ്ലാസ്ററിക്, സാനിറ്ററി വിൽപ്പന |
| 26 | 9/516 | റിയാസ്.ടി.എം | മെറ്റൽ, എം സാൻഡ് സ്റ്റോക്ക് വിൽപ്പന |
| 27 | 9/429 | വിനയ്.പി.ആർ | ഗ്രാനൈറ്റ്, വിട്രിഫൈഡ് ടൈൽ വിൽപ്പന |
| 28 | 18/107 | ഇ.വി.തമ്പി | സി ഫുഡ് വ്യവസായം |
| 29 | 1/45 | പി.ടി.ജോസഫ് | ഐസ് പ്ലാന്റ് |
| 30 | 9/543 | രതീഷ് ജി മേനോൻ | മാർബിൾ, ഗ്രാനൈറ്റ് |
| 31 | 9/74B | മാഹിൻ കെ.എച്ച് | കെട്ടിട നിർമ്മാണ വസ്തുക്കളുടെ സംഭരണം |
| 32 | 18/502 | ഉണ്ണികൃഷ്ണൻ ലാൽ, അനിൽ കുമാർ | ബോട്ട് യാർഡ് |

മേൽ സ്ഥാപനങ്ങളിൽ നേരിട്ട് പരിശോധന നടത്തി ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കാനാവശ്യപ്പെട്ടു കൊണ്ടുള്ള നോട്ടീസ് (കേരള പഞ്ചായത്ത് രാജ് ആക്ട് 1994, സെക്ഷൻ 205F) നൽകി തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

# 1-14 വിവിധ ഫണ്ടുകളുടെ ചെലവിലെ അപാകതകൾ സംബന്ധിച്ച്

പഞ്ചായത്തിലെ വിവിധ ഹെഡ്ഡുകളിലെ ലഡ്ജറുകൾ പരിശോധിച്ചപ്പോൾ ധാരാളം അപാകതകൾ ശ്രദ്ധയിൽ പെട്ടു. വർഷങ്ങൾക്ക് മുൻപ് ലഭിച്ച പല ഫണ്ടുകളും ഇപ്പോഴും ചെലവാക്കാത്തതായും ചെലവായത് ക്രമീകരിക്കാത്തതായും ചില ഫണ്ടുകളുടെ ചെലവ് വിശദാംശങ്ങൾ ലഭ്യമല്ലാത്തയായും കാണുന്നു. അപാകതകൾ ചുവടെ ചേർക്കുന്നു.

1. എസ്.എസ്.എ (320100116) എന്ന ഹെഡ്ഡിലേക്ക് 01.04.2014 ൽ 3,51,200/- രൂപ Prior Period Revenue Grant Contribution എന്ന ഹെഡ്ഡിൽ നിന്ന് ജേർണ്ണൽ വൗച്ചർ വഴി മാറ്റിയതായി കാണുന്നു. ഇത് വിദ്യാലയത്തിന്റെ മുറികളുടെ നിർമ്മാണത്തിന് ലഭ്യമായ ഫണ്ടാണെന്നും ആയത് ചെലവായിട്ടുണ്ടെന്നും ഓഡിറ്റ് എൻക്വയറിയുടെ മറുപടിയായി സൂചിപ്പിച്ചിട്ടുണ്ട്. ആയതിന്റെ ചെലവ് വിവരങ്ങൾ പരിശോധിച്ച് ബോദ്ധ്യപ്പെട്ട് 2019-20 വർഷത്തെ വാർഷിക കണക്കുകളിൽ അപാകത പരിഹരിക്കാൻ നിർദ്ദേശിക്കുന്നു.

2. ജനകീയ ഭവനപദ്ധതി (320200301) - എന്ന ഹെഡ്ഡിൽ ഇപ്പോഴും 4,77,778/- രൂപ ബാലൻസ് കാണുന്നു. ആയത് പരിശോധിച്ച് വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

3. തൊഴിലുറപ്പ് പദ്ധതി (320200399) എന്ന ഹെഡ്ഡിൽ 13.10.2017 ൽ 1,00,000/- രൂപ Award for best Panchayat implementing Projects of Coir Geo Textiles എന്ന ഇനത്തിൽ ലഭിച്ചിട്ടുണ്ട്. ആയത് ഏത് രീതിയിൽ ചെലവ് ചെയ്യണമെന്ന് ഉത്തരവിൽ നിഷ്കർഷിക്കുന്നുണ്ടെങ്കിൽ ആ രീതിയിലും അല്ലാത്ത പക്ഷം തനത് ഫണ്ടിൽ ചേർത്ത് തൊഴിലുറപ്പ് പദ്ധതിക്ക് ഗുണകരമായ രീതിയിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. വിമുക്തി - (320200399) എന്ന ഹെഡ്ഡിൽ ലഭ്യമായ ഫണ്ടിൽ വെറും 1,200/- രൂപ മാത്രമാണ് ഇതു വരെ ചെലവ് ചെയ്തിട്ടുള്ളത്. 57,600/- രൂപ ഇപ്പോഴും ഈ ഇനത്തിൽ ചെലവാക്കാനുണ്ട്. സമൂഹത്തിൽ, വിശിഷ്യ വിദ്യാർത്ഥികൾക്കിടയിലെ മയക്ക് മരുന്ന്, മദ്യം എന്നിവയുടെ ഉപയോഗത്തിനെതിരെ ബോധവത്കരണത്തിനായി

സർക്കാർ നൽകുന്ന മേൽ ഫണ്ട് ഉപയോഗിക്കാതിരിക്കുന്നത് ഗൗരവമായ അപാകതയാണ്.

5. നിർമ്മൽ പുരസ്കാർ (320900101) – എന്ന ഹെഡ്ഡിൽ ഇനിയും 3,82,620/- രൂപ നീക്കി ബാക്കി കാണുന്നു. സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് മേൽ തുക വിനിയോഗിക്കാവുന്നതാണ്

6. Refund of Unutilised Grant (350300109) എന്ന ഹെഡ്ഡിലെ 2,84,457/- രൂപ സംബന്ധിച്ച് പഞ്ചായത്ത് വ്യക്തമായ മറുപടി നൽകിയില്ല. ആയത് വിശദമായി പരിശോധിച്ച് തിരിച്ചടക്കേണ്ട ഫണ്ടാണെങ്കിൽ തിരിച്ചടക്കുകയും തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്ന ഫണ്ടാണെങ്കിൽ അങ്ങനെ ചെയ്തും വാർഷിക കണക്കുകൾ കൃത്യമാക്കേണ്ടതാണ്.

7. Other Administrative Expense (220800199) എന്ന ഹെഡ്ഡിൽ 31.03.2019 ൽ ചെലവ് രേഖപ്പെടുത്തിയിട്ടുള്ള 4,59,386/- രൂപയുടെ ചെലവുകളുടെ വിശദാംശങ്ങൾ ഹാജരാക്കാൻ ആവശ്യപ്പെട്ടെങ്കിലും പഞ്ചായത്ത് ഹാജരാക്കിയില്ല. Prior period Expense ആയി രേഖപ്പെടുത്തേണ്ട ചെലവ് ഹെഡ്ഡ് മാറിയതാണ് എന്നാണ് വ്യക്തമാക്കിയിരിക്കുന്നത്. അങ്ങനെ ആണെങ്കിലും മേൽ ചെലവിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

മേൽ അപാകതകൾ പരിഹരിച്ച് തെളിവ് സഹിതം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

.

# 1-15 വിവിധ പദ്ധതികളുടെ നിർവഹണത്തിൽ കണ്ടെത്തിയ മറ്റ് അപാകതകൾ

1. പഞ്ചായത്തിന്റെ അംഗീകൃത ഗുണഭോക്തൃലിസ്റ്റിൽ ധാരാളം അപാകതകളുണ്ട്.ചില വാർഡുകളിലെ ഗുണഭോക്താക്കളുടെ മാനദണ്ഡങ്ങൾ പ്രകാരം ലഭ്യമായ മാർക്കുകൾ ചേർത്തിരിക്കുകയും ചില വാർഡുകളിലെ മാർക്കുകൾ ചേർക്കാതിരിക്കുകയും, ചില വാർഡുകളിൽ മുൻഗണന ക്രമം തെറ്റിച്ച് (മാർക്ക് കൂടുതൽ ലഭിച്ചവരെ അവസാനവും കുറവ് ലഭിച്ചവരെ ആദ്യവും ചേർത്ത്) രേഖപ്പെടുത്തിയതായും ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ക്ലറിക്കൽ അപാകതയാണെന്നാണ് പഞ്ചായത്ത് മറുപടി നൽകിയിരിക്കുന്നത്.

നിർവഹണ ഉദ്യോഗസ്ഥർ ലിസ്റ്റ് കൃത്യമായി പരിശോധിച്ച് തുടർ നടപടി സ്വീകരിച്ചതിനാൽ അനർഹർക്ക് ലഭ്യമായിട്ടില്ല എന്ന് ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. എന്നിരുന്നാലും മേൽ അപാകത ആവർത്തിക്കാതിരിക്കാൻ ഭരണസമിതി തന്നെ മുൻകൈ എടുക്കേണ്ടതാണ്.

2. പഞ്ചായത്തിലെ ജീവനക്കാർ ഔട്ട് ഡോർ നികുതി പിരിവ് നടത്തുന്നത് നിരീക്ഷിക്കപ്പെടുന്നില്ല. ഒട്ടനവധി അപാകതകൾ പരിശോധനയിൽ ശ്രദ്ധയിൽപ്പെടുകയും തുക ഓഡിറ്റ് വേളയിൽ ഒടുക്കുകയും ചെയ്തിരുന്നു. മേൽ ജീവനക്കാരുടെ ഔട്ട് ഡോർ കളക്ഷൻ രജിസ്റ്ററുകൾ പരിശോധിക്കാൻ ഒരു ഉയർന്ന ഉദ്യോഗസ്ഥനെ നിയോഗിക്കാനും ടി ഉദ്യോഗസ്ഥന്റെ പരിശോധനക്ക് ശേഷം മാത്രം തുക ഫ്രണ്ട് ഓഫീസിൽ സ്വീകരിക്കാനും നിർദ്ദേശിക്കുന്നു. ടി ഉദ്യോഗസ്ഥൻ തന്റെ ചുരുക്കൊപ്പ് എല്ലാ പരിശോധനക്ക് ശേഷവും ഔട്ട് ഡോർ കളക്ഷൻ രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. ടി ഉദ്യോഗസ്ഥനെ നിയോഗിച്ച് കൊണ്ടുള്ള ജോലി വിഭജന രേഖയുടെ പകർപ്പും ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

3. മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) നടപ്പാക്കിയ പാലിയേറ്റീവ് കെയർ എന്ന പദ്ധതിക്കായി 5,50,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. (പ്രൊ.നം.56/19). ആയതിൽ 1,70,000/- രൂപ പ്രസ്തുത പദ്ധതിയുടെ ഡ്രൈവറായി കോൺട്രാക്ട് വ്യവസ്ഥയിൽ ജോലിചെയ്യുന്ന ശ്രീ സജി എന്ന വ്യക്തിക്ക് നൽകിയതാണ്. ടിയാനിൽ നിന്ന് ഇൻകം ടാക്സ് സെക്ഷൻ 194 C പ്രകാരം ഒരു ശതമാനം നിരക്കിൽ ടി.ഡി.എസ് ഈടാക്കേണ്ടതായിരുന്നു എങ്കിലും ഈടാക്കിയതായി കാണുന്നില്ല. നഷ്ടത്തുക ഈടാക്കി ഇൻകം ടാക്സ് ഹെഡ്ഡിൽ ഒടുക്കാൻ നിർദ്ദേശിക്കുന്നു.

4. രേഖകൾ പ്രകാരം പഞ്ചായത്തിൽ താമസമില്ലാത്ത വ്യക്തികൾക്ക് വിവിധ പദ്ധതികൾക്ക് ആനുകൂല്യങ്ങൾ നൽകിയതായി കാണുന്നുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ ടി വ്യക്തി ഇപ്പോൾ രേഖകൾ പ്രകാരമുള്ള പഞ്ചായത്തിലെ താമസക്കാരനല്ല എന്നതും സമാന ആനുകൂല്യങ്ങൾ അവിടെ നിന്നും കൈപ്പറ്റിയിട്ടില്ല എന്നതും ഉറപ്പാക്കേണ്ടതും ആയതിന്റെ തെളിവുകൾ ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.

# 1-16 മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി - അവലോകനം

2018-19 വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പ് പരിശോധിച്ചതിന്റെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| | |
|---|---|
| ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ | 4011 |
| ആകെ രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കൾ | 5611 |
| | |

| | |
|---|---|
| നല്കിയ തൊഴില്‍ ദിനങ്ങള്‍ | 86811 |
| 100 തൊഴില്‍ ദിനങ്ങള്‍ നല്കപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 584 |
| 2018-19 വര്‍ഷത്തെ ആകെ ചെലവ് തുക | 27617000 |

ഓഡിറ്റ് വര്‍ഷത്തില്‍ തയ്യാറാക്കിയതും നടപ്പാക്കിയതുമായ പ്രവൃത്തികളുടെ ഇനം താഴെപ്പറയും പ്രകാരമാണ്.

| തയ്യാറാക്കിയ പ്രവര്‍ത്തികള്‍ | എണ്ണം |
|---|---|
| റോഡ് നിര്‍മ്മാണം | 1 |
| കാന നിര്‍മ്മാണം | 1 |
| അങ്കണവാടിക്ക് ചുറ്റുമതില്‍ | 1 |
| പശുതൊഴുത്ത് നിര്‍മ്മാണം | 6 |
| ആട്ടിന്‍കൂട് നിര്‍മ്മാണം | 3 |
| കോഴിക്കൂട് നിര്‍മ്മാണം | 3 |
| ഫാം പോണ്ട് നിര്‍മ്മാണം | 16 |
| കമ്പോസ്റ്റ് പിറ്റ് നിര്‍മ്മാണം | 21 |
| നഴ്സറി നിര്‍മ്മാണം | 1 |
| തൊഴിലാളി ഗ്രൂപ്പ് രൂപീകരിച്ച് പാട്ടകൃഷിക്ക് ഭൂവികസന പ്രവര്‍ത്തനങ്ങള്‍ | 53 |
| പ്രളയം മൂലം തകര്‍ന്ന ഭൂപ്രദേശങ്ങളുടെ പുനസ്ഥാപനം | 71 |
| പ്രളയം മൂലം ഉപയുക്തമല്ലാത്ത ഭൂമിയെ കൃഷിക്ക് ഉപയുക്തമാക്കല്‍ | 10 |
| തോട് പുനരുദ്ധാരണവും ആഴം കൂട്ടലും | 49 |
| കേന്ദ്ര സംസ്ഥാന ഭവന നിര്‍മ്മാണ പദ്ധതികളിലെ<br>അവിദഗ്ധ കായിക തൊഴില്‍ ഘടകം | 45 |
| സിമന്റ് ഇഷ്ടിക നിര്‍മ്മാണം | 3 |
| നടപ്പാക്കിയ ആകെ പ്രവൃത്തികള്‍ | 284 |

| ഇനം തിരിച്ചുള്ള ചെലവ് വിവരം | |
|---|---|
| അവിദഗ്ധ തൊഴിലാളികളുടെ വേതനം | 24028000 |
| വിദഗ്ധ തൊഴിലാളികളുടെ വേതനം | 112000 |
| മെറ്റീരിയല്‍ സപ്ലൈ ചെയ്തതിന്റെ ചെലവ് | 3477000 |
| ആകെ ചെലവ് | 27617000 |

തൊഴിലുറപ്പ് പദ്ധതിയുടെ ഫയലുകള്‍ പരിശോധിച്ചതില്‍, വിവിധ വര്‍ക്കുകളുടെ സാധന സാമഗ്രികളുടെ വിതരണം നടത്തുന്നതിനായി ടെണ്ടര്‍ മുഖേന തെരഞ്ഞെടുത്ത കരാറുകാരന്‍ ശ്രീ.സുനില്‍ ബാബുവില്‍ നിന്നും 2018-19 വര്‍ഷം ജി.എസ്.ടി.

ഈടാക്കിയിട്ടില്ലാത്തതായി കാണുന്നു. കരാറുകാരനിൽ നിന്നും നിയമ പ്രകാരമുള്ള ജി.എസ്.ടി ഈടാക്കേണ്ടതാണ്.

# 1-17 നിർവ്വഹണോദ്യോഗസ്ഥർക്ക് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയില്ല

ഐ.സി.ഡി.എസ്. സൂപ്പർവൈസർ ഓഡിറ്റ് വർഷത്തിൽ രണ്ട് സ്പിൽ ഓവർ പ്രോജക്റ്റുകളുൾപ്പെടെ 7 പ്രോജക്റ്റുകൾ നടപ്പിലാക്കിയിട്ടുണ്ട്. പ്രോജക്റ്റുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഈ നിർവ്വഹണോദ്യോഗസ്ഥയ്ക്ക് ഓൺലൈനിൽ ധാരാളം കാര്യങ്ങൾ നിർവ്വഹിക്കേണ്ടതായി വരുന്നുണ്ട്. കൂടാതെ പ്രോജക്റ്റ് ഫയലുകൾ, ടെണ്ടർ രേഖകൾ മുതലായ നിരവധി രേഖകളും രജിസ്റ്ററുകളും സൂക്ഷിക്കേണ്ടതിനും പദ്ധതിയുടെ നിർവ്വഹണോദ്യോഗസ്ഥ എന്ന നിലയ്ക്ക് ഇവർക്ക് ബാദ്ധ്യതയുണ്ട്. എന്നാൽ ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നതിന് അനുയോജ്യമായ ഭൗതിക സൗകര്യങ്ങൾ ഗ്രാമപഞ്ചായത്തിൽ ഇവർക്ക് ലഭ്യമാകുന്നില്ല. 24.12.2018ലെ വനിത ശിശു വികസനം എന്ന വർക്കിംഗ് ഗ്രൂപ്പിന്റെ മിനിറ്റ്സിൽ കമ്പ്യൂട്ടർ, സ്റ്റേഷനറി ഉൾപ്പെടെയുള്ള സൗകര്യങ്ങളോട് കൂടിയ ഒരു മുറി പഞ്ചായത്തിൽ അനുവദിച്ചുകിട്ടുന്നതിന് ഇവർ ആവശ്യമുന്നയിച്ചിട്ടുണ്ട്. എന്നാൽ പല തവണ ആവശ്യപ്പെട്ടിട്ടും, രേഖകൾ സൂക്ഷിക്കുന്നതിനുള്ള അലമാരയോ, മറ്റ് അത്യാവശ്യ സൗകര്യങ്ങൾ പോലുമോ ഇവർക്ക് ലഭ്യമായിട്ടില്ല.

മൂത്തകുന്നത്ത് പ്രവർത്തിക്കുന്ന ഹോമിയോ അശുപത്രിയിൽ പൊതു ടോയ്ലറ്റ് ഇല്ലാത്തതിനാൽ അവിടെയെത്തുന്ന വൃദ്ധരും കുട്ടികളുമുൾപ്പെടെയുള്ള രോഗികൾ വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ടെന്നും ആയതിന് പരിഹാരം കാണണമെന്നും ആരോഗ്യ വർക്കിംഗ് ഗ്രൂപ്പിന്റെ മിനിറ്റ്സുകളിൽ ആവർത്തിച്ച് ആവശ്യമുന്നയിച്ചിട്ടുണ്ട്. എന്നാൽ അത് നിലവിലും പരിഹരിക്കപ്പെട്ടിട്ടില്ല.

മൃഗാശുപത്രിക്ക് ചുറ്റുമതിൽ ഇല്ലാത്തതിനാൽ സാമൂഹ്യവിരുദ്ധർ ആശുപത്രിക്കെട്ടിടവും പരിസരവും കയ്യേറി വൃത്തികേടാക്കുന്നു എന്നും, ചുറ്റുമതിൽ പണിത് സംരക്ഷിക്കുന്നതോടൊപ്പം, ആശുപത്രിയുടെ പെയിന്റിംഗ്, ബോർഡ് മാറ്റി സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ കൂടി ചെയ്തു തീർക്കണമെന്നും മൃഗസംരക്ഷണം, ക്ഷീരവികസനം എന്ന വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സിൽ ആവശ്യമുന്നയിക്കപ്പെട്ടിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെ പ്രോജക്റ്റുകളുടെ വിജയകരമായ പൂർത്തീകരണത്തിന് അതാത് നിർവ്വഹണോദ്യോഗസ്ഥർ ഉത്സാഹത്തോടെ പ്രവർത്തിക്കേണ്ടതുണ്ട്. അവരെ ഇത്തരം പ്രവർത്തനത്തിന് സജ്ജരാക്കുന്നതിന് അവർക്ക് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ കടമയാണ്. പഞ്ചായത്തിന് കൈമാറിക്കിട്ടിയ

സ്ഥാപനങ്ങളുടെ നടത്തിപ്പിന് അനുയോജ്യമായ അന്തരീക്ഷമൊരുക്കുന്നതിന് അധികൃതർ ജാഗ്രത പാലിക്കേണ്ടതാണ്.

## 1-18 അങ്കണവാടികളിലെ ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തതകൾ

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന 33 അങ്കണവാടികളിൽ 29 എണ്ണം സ്വന്തം കെട്ടിടത്തിലും 4 എണ്ണം വാടക കെട്ടിടത്തിലുമായാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഇതിൽ പല അങ്കണവാടികളിലും ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തതയുണ്ടെന്ന് വനിത ശിശു വികസന വർക്കിംഗ് ഗ്രൂപ്പിന്റെ യോഗ മിനിറ്റ്സുകളിൽ നിന്ന് വ്യക്തമാകുന്നുണ്ട്. ഉദാഹരണത്തിന് 2,4,5,8,15,11,108,134,135,139, എന്നീ നമ്പറുകളിലായി പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് കുടിവെള്ള ടാങ്ക്, മോട്ടോർ എന്നിവ നൽകണമെന്ന് ആവശ്യമുയർന്നിട്ടുണ്ട്. എന്നാൽ നിലവിലും ഈ ആവശ്യം അംഗീകരിക്കപ്പെട്ടിട്ടില്ല. കൂടാതെ അങ്കണവാടിയിലെത്തുന്ന കുഞ്ഞുങ്ങൾക്ക് ഭക്ഷണം കഴിക്കുന്നതിനുള്ള പാത്രങ്ങൾ, അങ്കണവാടികളിലെ പാചകത്തിന് ഉപയോഗിക്കുന്നതിനുള്ള അടുക്കള ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കണമെന്നും ആവശ്യമുയർന്നിട്ടുണ്ട്. എന്നാൽ 2018-19 വർഷത്തിൽ ഈ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനുള്ള പ്രോജക്റ്റുകളൊന്നും രൂപീകരിക്കപ്പെട്ടിട്ടില്ല. പ്രളയാനന്തര ദുരിതങ്ങളിൽ നിന്ന് മോചനം നേടാതെ പ്രവർത്തനം തുടരുന്ന അങ്കണവാടികളിൽ പലതിനും ആവശ്യത്തിന് ബാലസൗഹൃദ ഫർണിച്ചറുകളോ, നല്ല കളിപ്പാട്ടങ്ങളോ ഇല്ലാത്ത അവസ്ഥയുണ്ട്. കൂടാതെ ഇതിൽ ചിലത് അപകടകരമായ അവസ്ഥയിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. 101-ാം നമ്പർ അങ്കണവാടിയുടെ തറ പ്രളയത്തിൽ ഇടിഞ്ഞു തകർന്നത് ഇനിയും കേടുപാട് തീർക്കാത്ത അവസ്ഥയിലും, ചുറ്റമതിലിന്റെ അടിത്തറയുടെ കരിങ്കൽ കെട്ടിൽ ഇഴജന്തുക്കൾ കേറിയിരിക്കാൻ പര്യാപ്തമായരീതിയിലുള്ള ദ്വാരങ്ങളുള്ളതുമായ സ്ഥിതിയിലുമാണ്. 121-ാം നമ്പർ അങ്കണവാടിയുടെ ഭിത്തി പ്രളയത്തിൽ വിണ്ടുകീറി നിൽക്കുന്നത് പരിഹരിക്കാത്ത അവസ്ഥയിൽ തന്നെയാണ് പ്രവർത്തനം തുടരുന്നത്. പിഞ്ചുകുഞ്ഞുങ്ങൾ പഠിതാക്കളായെത്തുന്ന അങ്കണവാടികൾ സുരക്ഷിതമായും ബാലസൗഹൃദമായും പ്രവർത്തിക്കുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിന് അധികാരികൾ ജാഗ്രത പുലർത്തേണ്ടതാണ്.

## 1-19 ജാഗ്രതാ സമിതി - പ്രവർത്തനം കാര്യക്ഷമമല്ല

പഞ്ചായത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും

ഐ.സി.ഡി.എസ്.സൂപ്പർവൈസർ കൺവീനറുമായി 2018 ൽ ജാഗ്രതാ സമിതി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ സമിതിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് തുടർ നടപടിയൊന്നും ഉണ്ടായിട്ടില്ല. ഗ്രാമപഞ്ചായത്തിലെ വിദ്യാർത്ഥിനികളുടെ സുരക്ഷയ്ക്കും പരാതി പരിഹാരത്തിനും കൗൺസിലിംഗിനും മാനസികാരോഗ്യത്തിനും സഹായകരമായ രീതിയിൽ പ്രവർത്തനം നടത്തേണ്ട ജെൻഡർ ഡെസ്കിന് നേതൃത്വം കൊടുക്കേണ്ടത് ജാഗ്രതാ സമിതിയുടെ ഉത്തരവാദിത്തമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ ജാഗ്രതാ സമിതി ഓഡിറ്റ് വർഷത്തിൽ ഇത്തരത്തിൽ പ്രവർത്തനമൊന്നും നടത്തിയിട്ടില്ല. ജാഗ്രതാ സമിതിയുടെ പ്രവർത്തനത്തിനായി ഓഡിറ്റ് വർഷത്തിൽ തുകയൊന്നും വകയിരുത്തിയിട്ടുമില്ല. ജാഗ്രതാ സമിതിയുടെ രൂപീകരണോദ്ദേശ്യം നിറവേറ്റുന്ന രീതിയിൽ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നം. | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| 1. | ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 185000 | ക്ഷീര സംഘങ്ങൾ വഴി പാലിന് ഇൻസെൻറീവ് | 185000 | 0 |
| 2. | ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 200000 | കിടപ്പിലായ രോഗികൾക്ക് വീട്ടിൽ ചെന്നുള്ള പരിചരണം | 200000 | 00 |
| 3. | ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 40000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 40000 | 0 |
| 4. | ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 471875 | ലൈഫ്മിഷൻ പദ്ധതി | 465469 | 6406 |
| 5. | ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1000000 | ബഡ്സ് റീഹാബിലിറ്റേഷൻ | 733508 | 266492 |

| | | | | | | |
|---|---|---|---|---|---|---|
| | | | | സെൻട്രൽ കെട്ടിടം നിർമ്മാണം | | |
| 6. | | 2018-19 | 4950000 | ലൈഫ്മിഷൻ പദ്ധതി | 4950000 | 0 |
| 7. | | | 313400 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 0 | 313400 |
| 8. | | | 1000000 | കുഞ്ഞിത്തൈ കൊത്തളം റോഡ് റീടാറിംഗ് | 972899 | 27101 |
| 9. | ജില്ലാ പഞ്ചായത്ത് | | 1139280 | ചെട്ടിക്കാട് കൊട്ടുവള്ളിക്കാട് റോഡ് കലുങ്ക് നിർമ്മാണം | 1139280 | 0 |
| 10. | | | 440000 | ഒറവൻതുരുത്ത് വാവക്കാട് റോഡ് റീടാറിംഗ് | 188374 | 251626 |
| 11. | | | 900000 | ചക്കുമരശ്ശേരി-സെൻട്രൽ റോഡ് റീടാറിംഗ് | 00 | 900000 |
| 12. | | | 1000000 | ശ്രീധരൻ മാസ്റ്റർ റോഡ് സൈഡ് പ്രൊട്ടക്ഷൻ | 1000000 | 0 |
| 13. | | | 360000 | ചാറക്കാട്-കുട്ടുകാട് റോഡ് മെറ്റലിംഗ് | 360000 | 0 |
| 14. | | | 2000000 | SCകോളനി സമഗ്ര വികസനം | 0 | 2000000 |
| 15. | | | 1250000 | ബഡ്സ് റീഹാബിലിറ്റേഷൻ കെട്ടിടം നിർമ്മാണം | 0 | 1250000 |

(ബഡ്സ് സ്കൂൾ പ്രവർത്തനങ്ങൾക്കായി കുടുംബശ്രീയിൽ നിന്ന് ലഭിച്ച 1250000/-രൂപ ഉൾപ്പെടെയുള്ള തുകയാണ് RP 31ൽ ഉൾപ്പെടുത്തിയിട്ടുള്ളത്).

.

# 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് വർക്കിനായി തുകയൊന്നും നൽകിയിട്ടില്ല.

# 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

# 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| EMS ഭവനപദ്ധതി | 530/2010/LSGD തീയതി 18.2.10 | 1,44,37,500 | 28,87,500 | 14,43,750 | - | 14,43,750 |
| കെ.യു.ആർ. ഡി.എഫ്.സി വായ്പ(ലൈഫ്) | | 3,34,79,861 | ഇല്ല. | 0 | | 3,34,79,861 |

# 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 600/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2016-17 | 2-1 | 600 | വിനോദ്കുമാർ, കണ്ടത്തിൽ | 1180170102375 /3.10.18 |

# 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ

# ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ :-

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-2 | 2016-17 | 2-2 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് | BSNL ഒഴികെ, തുക ഒടുക്കിയിട്ടുണ്ട് |
| | 2-3 | | 2-3 | വസ്തു നികുതി ഈടാക്കിയതിൽ കുറവ് | തുക ഒടുക്കിയിട്ടുണ്ട് |
| 2015-16 | 2-2 | | 2-2 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് | തുക ഒടുക്കിയിട്ടുണ്ട് |

# 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) <u>സംക്ഷിപ്ത വിവരം</u>

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 12,73,94,591 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 10,84,05,991 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 0 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല.

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നം | തുക | ഇനം |
|---|---|---|
| 1-15 | 1700 | ഇൻകം ടാക്സ് ടി ഡി എസ് |

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല.

(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും</u>

ഇല്ല.

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ്.ഇ(പി2)102/98/9.8.98 |
| 1997-98 | എൽ.എഫ്.ഇ(പി2)895/2000/25.9.00 |
| 1998-99 | എൽ.എഫ്.ഇ(പി2)895/2000/25.9.00 |
| 1999-2000 | എൽ.എഫ്.ഇ(പി2)1103/01/12.7.2002 |
| 2000-01 | എൽ.എഫ്.ഇ(പി2)1080/02/4.3.2003. |
| 2001-02 | എൽ.എഫ്.ഇ(പി2)22/04/29.3.2004 |
| 2002-03 | എൽ.എഫ്.ഇ(പി2)102/05/19.11.2005. |
| 2003-04 | എൽ.എഫ്.ഇ(പി2)98/07 |
| 2004-05 | എൽ.എഫ്.ഇ(പി2)1855/08/21.2.09/10.6.09. |
| 2005-06 | എൽ.എഫ്.ഇ(പി2)1856/08/21.2.09/10.6.09. |
| 2007-08 | എൽ.എഫ്.ഇ(പി2)1455/11/12.04.12/09.07.12 |
| 2008-09 | എൽ.എഫ്.ഇ(പി2)246/11/20.8.11 |
| 2009-10 | എൽ.എഫ്.ഇ(പി2)247/11/20.8.11 |
| 2010-11 | എൽ.എഫ്.ഇ(പി2)22/12/9.2.12/16.3.12. |
| 2011-12 &2012-13 | എൽ.എഫ്.ഇ(പി2)2019/13/23.11.13/16.12.13. |
| 2013-14 | എൽ.എഫ്.ഇ(പി10)1554/2015/9.9.15 |
| 2014-15 | കെ എസ് എ -ഇകെ എം(പി4)1175/2016/23.07.16 |
| 2015-16 | കെ എസ് എ -ഇകെ എം(പി4)1175/2016/23.07.16 |
| 2016-17 | കെ എസ് എ- ഇ കെ എം(പി12) 1514/2017/26.07.2017 |
| [illegible] | [illegible] |

അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
എറണാകുളം

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215, ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും

പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും എറണാകുളം ജില്ലയിലെ വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 31.03.2019 ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

## ന്യൂനതകളുടെ സംഗ്രഹം

1. ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. ആസ്തികൾ രേഖപ്പെടുത്തുന്ന സചിത്ര സോഫ്റ്റ് വെയർ സാംഖ്യയുമായി ലിങ്ക് ചെയ്തിട്ടില്ല. ആസ്തികളുടെ അക്കൌണ്ടിംഗ് പൂർത്തിയാക്കാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.
2. B-15 ഷെഡ്യൂളിലെ വസ്തു നികുതി ഇനത്തിലെ ആകെ തുക 9,36,663.55 ആണ്. ഇതനുസരിച്ച് വരേണ്ട ലൈബ്രറി സെസ്സ് 44,603/- ആണ്. എന്നാൽ 43,595/- ആണ് കാണിച്ചിട്ടുള്ളത്.
3. I-18, Prior period items ൽ വസ്തുനികുതിയിനത്തിൽ ഡിമാൻഡിൽ ജേർണ്ണൽ എൻട്രി നടത്തി വ്യത്യാസപ്പെടുത്തിയതിന് ഭരണസമിതി അംഗീകാരമോ സെക്രട്ടറിയുടെ ഉത്തരവോ ഹാജരാക്കിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

## AUDIT CERTIFICATE

Certified that I have examined the Annual Financial Statement of Vadakkekkara Grama Panchayat for the year ended on 31.03.2019 in Ernakulam District in accordance with Section '4' of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines

issued by the Comptroller and Auditor General of India for the Certification of accounts of Panchayat Raj Institutions.

In my opinion the Financial Statement of Vadakkekkara Grama Panchayat for the year 2018-19, subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

DEPUTY DIRECTOR

## Abstract of Defects / Discripancies

1. Assets including land were not valued completely, and in the assest value included in Asset Register and AFS.
2. The balance of the total Property tax to be collected is 9,36,663.55/- as per B-15 schedule.The library cess of this amount has to be 44,603/-. But it is wrongly enterd as 43,595/-.
3. The actual demand in the property tax was altered by journal entry and shown as Prior period items in I-18 schedule. But neither the approval of governing committee for the same nor the orders of the secretary was produced for verification.

DEPUTY DIRECTOR